(സി, ഡി & ഇ) ഭരണ നവീകരണ പരിപാടിയിൽ ബി. പി. എൽ. വിഭാഗത്തിൽപ്പെട്ടവരെ നിശ്ചയിക്കുവാൻ വേണ്ടിയുള്ള മാനദണ്ഡങ്ങൾ സർക്കാർ തീരുമാനിച്ചിട്ടില്ല. എന്നിരുന്നാലും കുടുംബശ്രീ നടപ്പാക്കുന്നതിനുവേണ്ടി ഇപ്പോൾ അവലംബിച്ചിട്ടുള്ള ഒൻപതിന സാമ്പത്തിക ഇതര (നോൺ മോണിട്ടറി) സൂചകങ്ങൾ പരിഷ്കരിക്കപ്പെടേണ്ടതാണെന്ന് 1999-ൽ ഐ. എസ്. എസ്. ന്യൂഡൽഹി ഒരു പഠനത്തിലൂടെ കണ്ടെത്തിയിട്ടുണ്ട്. അതിനാൽ ദാരിദ്ര്യാവസ്ഥ നിർണ്ണയിക്കുന്നതിന് ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് ഭരണനവീകരണ പരിപാടിയുടെ കീഴിൽ സുതാര്യമായ ഒരു സൂചകം വികസിപ്പിച്ചെടുക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

ഗുണ്ടാസംഘങ്ങളുടേയും ബ്ലേഡ് മാഫിയ സംഘങ്ങളുടേയും പ്രവർത്തനം തടയാൻ നടപടി

*27 [27] ശ്രീ. വി. കെ. ചന്ദ്രൻ:

,, സാജു പോൾ:

,, എം. വി. ഗോവിന്ദൻ മാസ്റ്റർ:

,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുണ്ടാ സംഘങ്ങളുടേയും ബ്ലേഡ് മാഫിയാ സംഘങ്ങളുടേയും പ്രവർത്തനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം സംഘങ്ങളുടെ പ്രവർത്തനം തടയുന്നതിനും കുറ്റക്കാരെ കണ്ടുപിടിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(സി) ഇതിനായി പ്രത്യേക നിയമം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ബ്ലേഡ് മാഫിയ സംഘങ്ങളുടെ ആക്രമണത്തിന്റെ ഫലമായി കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്രപേർ മരണമടഞ്ഞിട്ടുണ്ട്;

(എഫ്) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) 'ഗുണ്ടാ പ്രവർത്തനം', 'ബ്ലേഡ് മാഫിയ' എന്നീ പദങ്ങൾ നിയമദൃഷ്ട്യാ നിർവചിക്കപ്പെട്ടിട്ടില്ല എങ്കിലും സംഘടിത അക്രമപ്രവർത്തനങ്ങളും സ്ഥിരം കുറ്റവാളികളുടെ കുറ്റകൃത്യങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംഘടിതവും അല്ലാതെയുമുള്ള അക്രമങ്ങൾ അമർച്ച ചെയ്യുന്നതിന് അത്തരക്കാരെ റൗഡി ഹിസ്റ്ററി ഷീറ്റുകളിൽ ഉൾപ്പെടുത്തി അവരുടെ നീക്കങ്ങൾ സദാ നിരീക്ഷിക്കുകയും മുൻകരുതൽ അറസ്റ്റ് നല്ല നടപ്പ് തുടങ്ങി (സി. ആർ. പി. സി. 107, 110) നിയമാനുസൃത പ്രതിരോധ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു.

(സി, ഡി) നിലവിലുള്ള നിയമങ്ങൾ ഫലപ്രദമല്ലാത്തതിനാൽ, ഫലപ്രദമായ നിയമം കൊണ്ടുവരുന്നതിന് തയ്യാറാക്കിയ കരട് നിയമം പരിഗണനയിലാണ്.

(ഇ, എഫ്) പണമിടപാട് സംബന്ധമായ സംഘടിത അക്രമങ്ങളിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ആരും മരണപ്പെട്ടിട്ടില്ല. അതിനാൽ മരണം സംബന്ധിച്ച് കേസുകൾ ഒന്നും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ല.

പരിസര മലിനീകരണം തടയാൻ നടപടി

*28 [28] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ വഴിയോരങ്ങളിൽ മാംസാവശിഷ്ടങ്ങളും മറ്റും രാത്രി കാലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്നതിനാൽ പകർച്ചവ്യാധികളും പരിസര മലിനീകരണവും ഉണ്ടാകാൻ സാദ്ധ്യതയുള്ളതായ റിപ്പോർട്ടുകൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പ്രവണത തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) അവശിഷ്ട സംസ്കരണ സംവിധാനം ഉറപ്പാക്കിയവർക്കുമാത്രമേ കശാപ്പുശാലകളും മാംസവിൽപ്പന ശാലകളും നടത്തുന്നതിന് ലൈസൻസുകൾ നൽകാവൂ എന്ന നിയമം നിലവിലുണ്ടോ;

(ഡി) എങ്കിൽ ഈ നിയമം നടപ്പിലാക്കാൻ സംവിധാനം ഏർപ്പെടുത്തുമോ;

(ഇ) സസ്യേതര ഭക്ഷണശാലകൾക്ക് സ്വന്തമായി ജൈവാവശിഷ്ട സംസ്കരണ സംവിധാനം നിയമം വഴി നടപ്പിലാക്കുമോ;

(എഫ്) വഴിവക്കിൽ ജൈവാവശിഷ്ടങ്ങൾ വലിച്ചെറിയുന്നവർക്ക് കഠിനശിക്ഷ ഉറപ്പാക്കാനും നിലവിലുള്ള ശിക്ഷ വർദ്ധിപ്പിക്കാനും നടപടികൾ സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly